"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം

## അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ബി ശ്രീകുമാർ)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് –2013 ആഗസ്റ്റിലെ അഡ്മിഷൻ ക്ലോസിംഗ് CD തയ്യാറാക്കിയതിലെ അപാകത പരിഹരിക്കുന്നത് – മീറ്റിംഗ് വിളിച്ചു ചേർക്കുന്നത് – സംബന്ധിച്ച്.

പരാമർശം:- 08.09.13 ലെ ഇതേ നമ്പർ കത്ത്.

**ഉത്തരവ് നമ്പർ സി1/26679/13 തിയതി ൨൭.02.2014.**

2013 ആഗസ്റ്റിൽ പ്രവേശനം നേടിയ ട്രെയിനികളുടെ അഡ്മിഷൻ ക്ലോസിംഗ് വിവരങ്ങൾ രേഖപ്പെടുത്തിയ CD എല്ലാ നോഡൽ ഐ.ടി.ഐ.കളിൽ നിന്നും ഡയറക്ടറേറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടി CDകൾ പരിശോധിച്ചതിൽ ട്രെയിനികളുടെ ജനനത്തീയതി, സ്ഥാപനത്തിന്റെ പേര്, ട്രേഡിന്റെ പേര്, തുടങ്ങിയ വിവരങ്ങൾ CDയിൽ രേഖപ്പെടുത്തിയിരിക്കുന്നത് DGET നിർദ്ദേശിച്ച പ്രകാരമല്ല എന്നു കാണുന്നു. ആയതിനാൽ ടി CDകളിലെ വിവരങ്ങൾ consolidate ചെയ്ത് DGET യ്ക്ക് അയക്കാൻ കഴിയുന്നില്ല. ഹാൾടിക്കറ്റിലെ വിവരങ്ങൾ രേഖപ്പെടുത്തുന്നതും പിന്നീട് ട്രെയിനികളുടെ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതും ടി CDയിലെ വിവരങ്ങൾ അടിസ്ഥാനമാക്കിയാണ്. ആയതിനാൽ 2013 ആഗസ്റ്റിലെ Admission Closing CD യിലെ തെറ്റുകൾ തിരുത്തിവീണ്ടും CD എങ്ങനെ തയ്യാറാക്കണമെന്നത് (ഓരോ വിവരങ്ങളും എപ്രകാരമാണ് നിശ്ചിത ഫോർമാറ്റിൽ CD യിൽ രേഖപ്പെടുത്തേണ്ടത്) സംബന്ധിച്ച് ഈ വിഷയം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഒരു ദിവസത്തെ പരിശീലനം മൂന്നു ഘട്ടങ്ങളിലായി ( ജില്ലാടിസ്ഥാനത്തിൽ) നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ടി പരിശീലന ക്ലാസ്സിൽ എല്ലാ ഗവ: ഐ.ടി.ഐ.യിലേയും ടി വിഷയം കൈകാര്യം ചെയ്യുന്ന (CDതയ്യാറാക്കുന്ന) സെക്ഷൻക്ലാർക്കും,കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഒരു ഉദ്യോഗസ്ഥനും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ബന്ധപ്പെട്ട ഐ.ടി.മാരും ടി പരിശീലന ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്. ഐ.ടി.മാർ അവരുടെ അധികാരപരിധിയിൽ കീഴിൽ വരുന്ന എല്ലാ പ്രൈവറ്റ് ഐ.ടി.ഐ.കളിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ടി വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

ഈ പരിശീലന ക്ലാസ്സ് നടത്തുന്നതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| സർക്കാർ ഐ.ടി.ഐ.കൾ (ജില്ല അടിസ്ഥാനത്തിൽ) | മീറ്റിംഗ് നടത്തുന്ന തീയതി | മീറ്റിംഗ് നടത്തുന്ന സ്ഥലം |
|---|---|---|
| 1. തിരുവനന്തപുരം ജില്ല.<br>2. കൊല്ലം<br>3. പത്തനംതിട്ട<br>4. ആലപ്പുഴ<br>5. കോട്ടയം | 04.03.2014 | ITI Chackai |
| 1. ഇടുക്കി<br>2. എറണാകുളം<br>3. തൃശ്ശൂർ<br>4. പാലക്കാട്<br>5. മലപ്പുറം | 13.03.2014 | ITI Chackai |
| 1. കോഴിക്കോട്<br>2. വയനാട്<br>3. കണ്ണൂർ<br>4. കാസർകോഡ് | 14.03.2014 | ITI Chackai |

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ്

എല്ലാ ഗവ: ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:

1. ഡി.ഡി.(പി),
2. ഡി.ഡി.(റ്റി)
3. www.det.kerala.gov.in

ജി.20.02.14.